ഉത്തരം

(എ) ഇല്ല.

(ബി) ധനകാര്യ വകുപ്പ് ഇതിന് അംഗീകാരം നൽകിയിട്ടില്ല.

(സി) ഉണ്ട്. ബിവറേജസ് കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ എട്ടുജില്ലകളിൽ ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതു സംബന്ധിച്ച നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോർപ്പറേഷൻ ഇതിലേയ്ക്കായി പത്തുകോടിരൂപ അനുവദിച്ചിട്ടുണ്ട്.

ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് നടപടി

102 (4158) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) അബ്കാരി കുറ്റകൃത്യങ്ങൾക്ക് കൂടുതൽ ശിക്ഷ വ്യവസ്ഥ ചെയ്ത നിയമം നിലവിൽ വന്നശേഷം അബ്കാരി കുറ്റകൃത്യങ്ങളിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) എക്സൈസ് സേനയെ ആയുധ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 മേജർ ചെക്ക്പോസ്റ്റുകളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ പുതിയ തസ്തിക സൃഷ്ടിച്ച്, അവ അവരുടെ നേരിട്ടുള്ള ചുമതലയിലാക്കി. കൂടാതെ, എക്സൈസ് ഇൻസ്പെക്ടർമാർ, പ്രിവന്റീവ് ഓഫീസർമാർ, ഗാർഡുമാർ എന്നിവരുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വാഹന പരിശോധന കർക്കശമാക്കിയും ഉയർന്ന ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വിലയിരുത്തിയും അഴിമതി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൈനർ ചെക്ക് പോസ്റ്റുകളിൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതിന് പുറമേ, മേജർ ചെക്ക് പോസ്റ്റുകളിൽ 'സ്നിഫർഡോഗി'- ന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കടുത്ത ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. റേഞ്ച് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഓഫീസർമാർക്കും പിസ്റ്റൾ നൽകുന്നതിനുള്ള പദ്ധതി പ്രാവർത്തികമായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly